- (ഇ) എഴുത്തു പരീക്ഷ സുതാര്യമാണെന്ന് ബഹു. ലോകായുക്ത കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ സ്കോൾ കേരളയുടെ ജനറൽ കൗൺസിലാണ് ഇതുസംബന്ധിച്ച തീരുമാനമെടുക്കുന്നത്.

സ്കൂൾ ഉച്ചഭക്ഷണ ഫണ്ട്

59(2916) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ ഫണ്ട് അപര്യാപ്തമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ എച്ച്.എം./പ്രിൻസിപ്പാൾ-മാർക്ക് ഇക്കാര്യത്തിൽ കടിശ്ശിക നൽകാനുണ്ടോ; എങ്കിൽ അടിയന്തരമായി ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിപണിയിലെ വില വർദ്ധനവുമൂലം സ്കൂൾ ഉച്ചഭക്ഷണത്തിന് അനുവദിച്ച തുക കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിന് സ്കൂൾ പ്രവൃത്തി ദിവസം കുട്ടിയൊന്നിന് 5 രൂപ നിരക്കിൽ നിലവിൽ നൽകിവരുന്നു. ആയത് വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) നിലവിൽ യാതൊരുവിധ കടിശ്ശികയും ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി പ്രഥമാധ്യാപകർക്ക് നൽകാനില്ല.

അനധികൃത സ്കൂളുകൾക്കുള്ള അനുമതി

60(2917) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന നടപടി തുടരുന്നുണ്ടോ; അടുത്ത കാലത്തായി പ്രസ്തുത വിഭാഗത്തിൽപ്പെട്ട ഏതാനും സ്കൂളുകൾക്ക് കൂടി അംഗീകാരം നൽകുകയുണ്ടായോ; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly